കേരള സർക്കാർ

പൊതുമരാമത്തും രജിസ്ട്രേഷനും
വകുപ്പുമന്ത്രിയുടെ ഓഫീസ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
ഫോൺ-ഓഫീസ് : 0471-2333487
ഫാക്സ് : 0471-2333460

***പ്രസിദ്ധീകരണത്തിന്***

തീയതി 23.01.2018

# ആലുവ ഗസ്റ്റ് ഹൗസ് നിർമ്മാണം അപാകത അന്വേഷിക്കും : മന്ത്രി ജി.സുധാകരൻ

ആലുവ ഗസ്റ്റ് ഹൗസിൽ നടന്ന നവീകരണ പ്രവൃത്തിയിൽ അപാകതകൾ സംഭവിച്ചതായും മൂന്നു മുറികൾ വാടകയ്ക്കു നൽകാനാവാത്ത വിധം തകർച്ചയുണ്ടായിട്ടുണ്ടെന്നും ടൂറിസം വകുപ്പ് ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് വിഭാഗത്തിന് അന്വേഷണം നടത്താൻ നിർദ്ദേശം നൽകിയതായി മന്ത്രി ജി.സുധാകരൻ അറിയിച്ചു. അതോടൊപ്പം ഈ പ്രവൃത്തിക്കു മേൽനോട്ടം നൽകിയ ഉത്തരവാദികളായ മുഴുവൻ എഞ്ചിനീയർമാരുടേയും വിശദാംശങ്ങൾ ഭരണവിഭാഗം ചീഫ് എഞ്ചിനീയറോടും കെട്ടിടവിഭാഗം ചീഫ് എഞ്ചിനീയറോടും ആവശ്യപ്പെട്ടതായും മന്ത്രി പറഞ്ഞു.

ഇതേ ഗസ്റ്റ് ഹൗസിൽ ഏതാനും മാസങ്ങൾക്ക് മുമ്പ് മുഖ്യമന്ത്രി താമസത്തിനെത്തിയപ്പോൾ വാതിൽ തുറക്കാനാകാത്ത അവസ്ഥയുണ്ടാകുകയും തകരാർ പരിഹരിക്കുന്നതിൽ വീഴ്ച വരുത്തിയ അസിസ്റ്റന്റ് എഞ്ചിനീയറെ അന്വേഷണവിധേയമായി സസ്പെന്റെ ചെയ്യുകയും ചെയ്തിരുന്നു. ഇപ്പോൾ നടത്തിയ പ്രാഥമിക അന്വേഷണത്തിൽ പ്രവൃത്തിയിൽ ഗുരുതരമായ വീഴ്ചകൾ ഉണ്ടായതായി മനസ്സിലാക്കുന്നു. ഇതിനെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്താനും, കുറ്റക്കാരായവരെ കണ്ടെത്താനും പോലീസ് വിജിലൻസ് വിഭാഗത്തിനു നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് മന്ത്രി അറിയിച്ചു.

പൊതുമരാമത്ത് പ്രവൃത്തികൾ ഗുണനിലവാരമില്ലാതെ ചെയ്യുന്നത് കരാറുകാരായാലും നേതൃത്വം നൽകുന്ന ഉദ്യോഗസ്ഥരായാലും ഒരു വിട്ടുവീഴ്ചയുമില്ലാത്ത ശിക്ഷാനടപടികൾ സ്വീകരിക്കുമെന്നും, അഴിമതിക്കെതിരെയുള്ള നടപടി ഈ സർക്കാർ ഇനിയും തുടരുമെന്നും മന്ത്രി ജി.സുധാകരൻ വ്യക്തമാക്കി.